**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.184** — **17.06.2014 ൽ മറുപടിയ്ക്ക്**

## യുവ സംരംഭകർക്ക് തുടർ സഹായത്തിനുള്ള പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഷാഫി പറമ്പിൽ :<br>ശ്രീ. ഹൈബി ഈഡൻ :<br>ശ്രീ. പി.സി. വിഷ്ണുനാഥ് :<br>ശ്രീ. വി.റ്റി.ബൽറാം : | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) യുവജന സംരംഭകർക്ക് തുടർ സഹായത്തിന് യുവജനക്ഷേമ ബോർഡ് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ; | (എ) യുവജനങ്ങളുടെ സംരംഭകത്വശേഷി വളർത്തി അവരെ സംരംഭങ്ങൾ തുടങ്ങാൻ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ സംരംഭകത്വ വികസന പദ്ധതി (Entrepreneurship Development Programme) എന്ന പേരിൽ നവീനമായ ഒരു പദ്ധതിക്ക് യുവജനക്ഷേമ ബോർഡ് പ്രാരംഭം കുറിച്ചിട്ടുണ്ട്. എന്നാൽ സംരംഭകർക്ക് തുടർ സഹായത്തിനുള്ള പദ്ധതി രൂപീകരിച്ചിട്ടില്ല. |
| (ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ ; | (ബി) ബാധകമല്ല. |
| (സി) യുവാക്കളിൽ സംരംഭകമനോഭാവം വളർത്തി സ്ഥാപനങ്ങളുടെ പ്രവർത്തനം സാമ്പത്തികമായി തൃപ്തികരമാക്കുന്നതുവരെ സാമ്പത്തിക – സാങ്കേതിക സഹായം നൽകുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ; | (സി) പ്രീ-ട്രെയിനിംഗ് ഘട്ടം, ട്രെയിനിംഗ് ഘട്ടം, മെന്ററിംഗ് ഘട്ടം എന്നീ വിധത്തിൽ മൂന്ന് ഘട്ടങ്ങളിലായാണ് സംരംഭകത്വ വികസന പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ഒരു ബാച്ചിൽ 25-35 പേരെയാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്. ആദ്യഘട്ടമായി വയനാട്, തിരുവനന്തപുരം, തൃശ്ശൂർ എന്നീ 3 ജില്ലകളിൽ ഈ പരിപാടി നടപ്പാക്കി. ഈ പദ്ധതിയുടെ ആദ്യഘട്ട നടത്തിപ്പിനായി കഴിഞ്ഞ സാമ്പത്തിക വർഷം 45 ലക്ഷം രൂപ ചെലവായിട്ടുണ്ട്. രണ്ടാംഘട്ട പരിശീലനത്തിനായി 63 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു. പരിശീലനാനന്തരം യുവജനങ്ങൾക്ക് സംരംഭങ്ങൾ ആരംഭിക്കുന്നതിനും പരിശീലനത്തിനു ശേഷം ഒരു വർഷം എല്ലാ തരത്തിലുള്ള മാർഗ്ഗ നിർദ്ദേശങ്ങളും Entrepreneurship |

Development Institute of India നൽകുന്നതാണ്. സാമ്പത്തിക-സാങ്കേതികതലങ്ങളിലും Entrepreneurship Development Institute of India സഹായിയായി പ്രവർത്തിച്ചു വരുന്നു.

| | | |
|---|---|---|
| (ഡി) | ഏതെല്ലാം സാമ്പത്തിക ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത് ; വിശദാംശങ്ങൾ നൽകാമോ ? | (ഡി) കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ്, Entrepreneurship Development Institute of India യുടെ സഹകരണത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്. കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽ നിന്നും സംരംഭകത്വ പരിശീലനം നേടിയവർക്ക് പലിശ രഹിത വായ്പ ലഭിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ